# Malayala Manorama
# 18 June 2018
# Aroor : Andhakaranazhi Reopened



അന്ധകാരനഴി ഭാഗികമായി തുറന്നപ്പോൾ

## അന്ധകാരനഴി വീണ്ടും തുറന്നു

അരൂർ • കടലോരത്തെ മണൽ നീക്കം ചെയ്ത് അന്ധകാരനഴി വീണ്ടും ഭാഗികമായി തുറന്നു. രണ്ടു മണ്ണുമാന്തി യന്ത്രങ്ങളുടെ സഹായത്താൽ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിലാണ് അഴി വീണ്ടും തുറന്നത്.

താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കലക്ടറുടെ നിർദേശത്തെ തുടർന്ന് ഏതാനും ദിവസങ്ങൾക്ക് മുൻപ് അഴിതുറന്നെങ്കിലും കഴിഞ്ഞ ദിവസം ശക്തമായ തിരയിൽപ്പെട്ട് അഴി അടയുകയായിരുന്നു.

അഴിയുടെ നടുഭാഗത്തെ മണൽ നീക്കിയാണ് ഇപ്പോൾ അഴിതുറന്നിരിക്കുന്നത്.

എന്നാൽ അഴിമുറിച്ച മണൽ അഴിമുഖത്തുനിന്നു നീക്കം ചെയ്തില്ലെങ്കിൽ മണ്ണടിഞ്ഞ് അഴി വീണ്ടും അടയാൻ സാധ്യതയുണ്ടെന്ന് മൽസ്യത്തൊഴിലാളികൾ പറഞ്ഞു. വേലിയേറ്റ ഇറക്ക സമയങ്ങളിൽ കടലിൽ നിന്നു കായലിലേയ്ക്കും കായലിൽ നിന്നു കടലിലേക്കും വെള്ളം ഒഴുകുമ്പോഴാണ് അഴി പൂർണമായും തുറന്നു കിട്ടുന്നത്. ഭാഗികമായി തുറന്ന അഴിമുഖത്ത് ഒട്ടേറെപ്പേർ മീൻ പിടിക്കാൻ എത്തുന്നുണ്ട്.

## നടപ്പാത കയ്യേറാനുള്ള ശ്രമം തടഞ്ഞു

അരൂർ • എഴുപുന്ന പഞ്ചായത്ത് 12-ാം വാർഡിൽ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു നിർമിച്ച നടപ്പാത കയ്യേറാനുള്ള ശ്രമം പഞ്ചായത്ത് അംഗവും പ്രദേശവാസികളും ചേർന്നു തടഞ്ഞു.

ഒന്നര മീറ്റർ വീതിയിലും നൂറു മീറ്റർ നീളത്തിലും കോൺക്രീറ്റ് ചെയ്തു നിർമിച്ച നടപ്പാതയാണിത്.

തൊട്ടടുത്തുള്ള മതിൽ പൊളിച്ചു നടപ്പാത ഉള്ളിലാക്കാനുള്ള ശ്രമമാണു നടന്നതെന്നു പഞ്ചായത്ത് അംഗം ഷാജി കുരീത്തറ പറഞ്ഞു.